


## മാതൃകാരൂപം

1. വിദ്യാഭ്യാസ സ്ഥാപനത്തിൻറെ പേര് :

2. മേൽ വിലാസം , ഫോൺ നം, ഇ -മെയിൽ :

3. ഫാക്കൽറ്റി ഇൻ ചാർജിൻറെ പേരും വകുപ്പും :

4. ഫാക്കൽറ്റി ഇൻ ചാർജിൻറെ ഫോൺ നം (മൊബൈൽ ), ഇ -മെയിൽ:

5. ബി എം സിയ്ക്ക് വേണ്ടി നിർദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ
   a. ബോധവൽക്കരണ  പരിപാടികൾ :
   b. പ്രവർത്തനാധിഷ്ഠിത പരിപാടികൾ:

6. പരിസ്ഥിതിയുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും ക്ലബ്ബുകൾ നിങ്ങളുടെ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നുണ്ടോ?

7. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ക്രിയാത്മക പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദമാക്കുക:

8. നിങ്ങളുടെ സ്ഥാപനത്തിൽ ബി എം സി അനുവദിക്കുകയാണെങ്കിൽ പരിസ്ഥിതിയെ മെച്ചപ്പെടുത്താൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ?

9. മറ്റ് വിവരങ്ങൾ :

# ഭൂമിത്ര സേന ക്ലബ്

## "പരിസ്ഥിതി ബോധവത്കരണവും പ്രോത്സാഹനവും"

### ആമുഖം

കേരള സംസ്ഥാന പരിസ്ഥിതി കാലാവസ്ഥ-വ്യതിയാന വകുപ്പ് യുവതലമുറയിൽ പരിസ്ഥിതി അവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് ഭൂമിത്ര സേന. ഇന്ന് നാം നേരിടുന്ന പല പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണം പ്രകൃതിയെയും പ്രകൃതി സമ്പത്തിനെയും കുറിച്ചുള്ള അജ്ഞതയാണ്. ഈ അജ്ഞത വരും തലമുറയിൽ നിന്നും ഇല്ലായ്മ ചെയ്യുകയാണ് ഭൂമിത്ര സേന ക്ലബ്ബുകളുടെ ലക്ഷ്യം.

### ഉദ്ദേശ്യലക്ഷ്യങ്ങൾ

- ചുറ്റുപാടുമുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെ മനസിലാക്കാനും അമൂല്യമായ നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കുവാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തിയെടുക്കുക.
- സുസ്ഥിരമായ ജീവിതശൈലി നയിക്കാനുള്ള അവബോധം കുട്ടികളിൽ വളർത്തുവാനും സാധിക്കുക.

### തിരഞ്ഞെടുക്കൽ

1. സംസ്ഥാനത്തെ സർക്കാർ/സർക്കാർ അംഗീകൃത കോളേജുകൾക്കും ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾക്കും ഭൂമിത്ര സേന ക്ലബ്ബിൽ അംഗങ്ങളാകാം.
2. 50 പേരടങ്ങുന്നതാണ് ക്ലബ്.
3. പാരിസ്ഥിതിക വിഷയങ്ങളിൽ താല്പര്യമുള്ള അധ്യാപകരെ ക്ലബ്ബിൻറെ കോർഡിനേറ്ററായി നിയമിക്കാവുന്നതാണ്.
4. പരിസ്ഥിതിയുമായി ബന്ധപ്പെട്ട മറ്റു ക്ലബ്ബുകളെ ഭൂമിത്ര സേന ക്ലബ്ബിലേക്ക് പരിഗണിക്കാവുന്നതാണ്.

## ധനസഹായം

- ഭൂമിത്ര സേന ക്ലബ് ആരംഭിക്കുന്നതിൻറെ ഭാഗമായി ആദ്യഗഡുവായി 25000 രൂപയാണ് നൽകുന്നത്.
- പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ആവർത്തന മൂലധനമായി 10000 രൂപയാണ് ഓരോ വർഷവും നൽകുന്നത്.
- പരിസ്ഥിതി കാലാവസ്ഥ-വ്യതിയാന വകുപ്പ് ക്ലബ്ബിനായി അനുവദിക്കുന്ന തുക ഭൂമിത്ര സേന ക്ലബ്ബിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ട് വഴി മാത്രമേ കൈകാര്യം ചെയ്യാൻ പാടുള്ളൂ.

## അവാർഡ്

മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന ഭൂമിത്ര സേന ക്ലബ്ബുകൾക്ക് പുരസ്കാരങ്ങൾ നൽകുന്നതാണ്.

ഒന്നാം സ്ഥാനം: 30000 രൂപ

രണ്ടാം സ്ഥാനം: 20000 രൂപ

| തെക്കൻ മേഖല | മധ്യ മേഖല | വടക്കൻ മേഖല |
|---|---|---|
| തിരുവനന്തപുരം | കോട്ടയം | മലപ്പുറം |
| കൊല്ലം | ഇടുക്കി | വയനാട് |
| ആലപ്പുഴ | എറണാകുളം | കോഴിക്കോട് |
| പത്തനംതിട്ട | തൃശ്ശൂർ | കണ്ണൂർ |
| | പാലക്കാട് | കാസർഗോഡ് |

## പ്രവർത്തങ്ങൾ

- പാരിസ്ഥിതിക വിഷയങ്ങളിൽ സെമിനാറുകൾ, ഡിബേറ്റുകൾ, പ്രഭാഷണങ്ങൾ എന്നിവ സംഘടിപ്പിക്കുക.
- വന്യജീവി സങ്കേതങ്ങൾ, പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ, ഫക്ടറികൾ എന്നിവ സന്ദർശിച്ചു പ്രവർത്തനങ്ങൾ മനസിലാക്കുക .

- മാലിന്യ നിർമാർജനം,വ്യക്തി ശുചിത്വം ,മെച്ചപ്പെട്ട ജീവിതശൈലികൾ എന്നിവയെക്കുറിച്ചു അവബോധ ക്യാമ്പുകൾ സംഘടിപ്പിക്കുക.
- അന്താരാഷ്ട്ര/ദേശീയ പ്രാധാന്യമുള്ള പരിസ്ഥിതിയുമായി ബന്ധപ്പെട്ട ദിനങ്ങൾ ആചരിക്കുക
- പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണമായും നിരോധിക്കുക.
- പരിസ്ഥിതി സൗഹാർദ്ദ ഉത്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക

## കോഡിനേറ്ററുടെ ചുമതലകൾ

1. "ഭൂമിത്ര സേന ക്ലബ് - പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് " എന്ന ബോർഡ് വിദ്യാഭ്യാസ സ്ഥാപനത്തിൻറെ മുഖ്യ കവാടത്തിനോട് ചേർന്ന് സ്ഥാപിക്കുക
2. പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഓരോ ക്ലബ്ബിനും നൽകുന്ന കോഡ് എല്ലാ ആശയവിനിമയങ്ങളിലും ഉൾപെടുത്തേണ്ടതാണ്
3. ഭൂമിത്ര സേന ക്ലബ്ബിനായി പ്രത്യേകം ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതാണ്
4. എല്ലാ ആഴ്ചകളിലും ഒരു മണിക്കൂർ ക്ലബ് പ്രവർത്തനങ്ങൾക്കായി മാറ്റിവെക്കുക
5. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ യുവതലമുറയെ പ്രോത്സാഹിപ്പിക്കുകയും കുട്ടികളുടെ ആശയങ്ങൾ കൂടി വിലയിരുത്തി പ്രവർത്തങ്ങൾ കാഴ്ചവെക്കുകയും ചെയ്യുക.
6. ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ കുട്ടികളെ പ്രകൃതിയിലേക്ക് അടുപ്പിക്കുക.
7. ഓരോ വർഷത്തേയും വിശദമായ പ്രവർത്തന റിപ്പോർട്ട്,ഫോട്ടോ, ഉപയോഗ-വിനിമയ സാക്ഷ്യപത്രം (UC -KFC FORM 44 ) ,വരവ്-ചിലവ് കണക്കു എന്നിവ ഡിസംബർ 31 -നു മുമ്പാകെ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിൽ എത്തിക്കേണ്ടതാണ്
8. ഖണ്ഡിക (7)ൽ വീഴ്ച്ചവരുത്തുന്ന ക്ലബ്ബുകളുടെ അംഗത്വം റദ്ദാക്കുന്നതും ക്ലബ്ബിനായി അനുവദിച്ച തുക പലിശയടക്കം തിരിച്ചടക്കേണ്ടതുമാണ്
9. ഓരോ വർഷങ്ങളിലും അംഗങ്ങളായ വിദ്യാർത്ഥികൾക്ക് പങ്കാളിത്ത സർട്ടിഫിക്കറ്റിന് അപേക്ഷിക്കാവുന്നതാണ്.